പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2237 **27-10-2026-ൽ മറുപടിയ്ക്ക്**

കരമന പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. രാജീവ് ചന്ദ്രശേഖർ ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) കരമന പോലീസ് സ്റ്റേഷൻ നിലവിൽ പരിമിതമായ സൗകര്യങ്ങളുള്ള വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കരമന പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി ബജറ്റിൽ വകയിരുത്തിയ രണ്ടുകോടി രൂപയിൽ നടപ്പു സാമ്പത്തിക വർഷം അനുവദിച്ച 40 ലക്ഷം രൂപയുടെ വിനിയോഗം സംബന്ധിച്ച വിശദാംശവും പോലീസ് സ്റ്റേഷന് ആവശ്യമായ സ്ഥലം കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന വിവരവും ലഭ്യമാക്കാമോ;

മറുപടി: കരമന പോലീസ് സ്റ്റേഷനു നിലവിൽ സ്ഥലം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

(സി) പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ